# ദൈവപരിപാലനം

## ദാനിയേൽ 06:23

**“അവൻ തന്റെ ദൈവത്തിൽ വിശ്വസിച്ചിരുന്നതു കൊണ്ടു അവനു യതൊരു കേടും പറ്റിയതായി കണ്ടില്ല”**

രാജകൽപന കൂട്ടാക്കാതെ, താൻ വിശ്വസിക്കുന്ന ദൈവത്തെ മാത്രം ആരാധിച്ചു, പ്രാർത്ഥിച്ചു എന്ന കുറ്റത്തിനു, സിംഹത്തിന്റെ കൂട്ടിൽ അടയ്ക്കപ്പെട്ട ദാനിയേലിനു പിന്നീടു എന്തു സംഭവിച്ചു എന്നാണു നാം മേൽ വായിച്ച വാക്യം വ്യക്തമാക്കുന്നത്.

ദാനിയേലിന്റെ ജീവിതം സിംഹക്കുഴിയിൽ അവസാനിച്ചു കാണും എന്നു കരുതിക്കൊണ്ട്, ഗുഹയുടെ അരികെ എത്തിയ രാജാവു തന്റെ പ്രതീക്ഷകൾക്കു വിപരീതമായി ജീവനോടെ ഇരിക്കുന്ന ദാനിയേലിനെയാണു കാണുന്നത്. സിംഹങ്ങൾ തന്നെ കടിച്ചു കീറാതിരിക്കാൻ വേണ്ടി തന്റെ ദൈവം സിംഹങ്ങളുടെവായ അടച്ചു കളഞ്ഞതായി ദാനിയേൽ പറയുന്നു. അതിനാൽ യാതൊരു പ്രയാസവും കൂടാതെ ദാനിയേൽ ഗുഹയിൽ നിന്ന് വെളിയിൽ വന്നു. തന്റെ ദൈവത്തിൽ ദാനിയേലിനു അത്ര മാത്രം വിശ്വാസമുണ്ടായിരുന്നതായി നാം കാണുന്നു.

കാലങ്ങൾക്കു മുമ്പ് ദാനിയേലിനെ പരിപാലിച്ച അതേ ദൈവം തന്നെയാണ് ഇന്നും നമ്മുടെ ദൈവം. ദാനിയേലിന്റേതിന്നു സമാനമായ ജീവിതാനുഭവങ്ങളിലൂടെ ഒരു ദൈവപൈതൽ കടന്നു പോകുമ്പോൾ അവിടെയും ഇതുപോലുള്ള അത്ഭുതം പ്രവൃത്തിക്കുവാൻ ദൈവം ഇന്നും മതിയായവനാണ്. വചനം പറയുന്നു, കർത്താവിൽ വിശ്വാസമർപ്പിക്കുന്നവൻ സുരക്ഷിതനത്രേ. ഇന്ന് ലോകത്തിലുള്ള യാതൊന്നിന്നും നമ്മുടെ സുരക്ഷയെ ഉറപ്പാക്കാൻ കഴിയില്ല എന്ന് കാലം തന്നെ തെളിയിച്ചു തരുമ്പോൾ, ഒരു ദൈവപൈതലിനു എന്നും ആശ്വാസവും ആശ്രയവുമായി ശാശ്വതപാറയായ ക്രിസ്തു ഉണ്ട് എന്ന് വചനം നമുക്ക് ഉറപ്പു തരുന്നു. **സങ്കീർത്തനം** 18:30 ൽ ഇപ്രകാരം പറയുന്നു ‘തന്നെ ശരണമാക്കുന്ന ഏവർക്കും അവൻ പരിചയാകുന്നു.

നമ്മുടെ പ്രതിസന്ധിയിൽ ഉയരത്തിൽ നിന്ന് കൈ നീട്ടി എന്നെ പിടിക്കുന്ന ഒരു ദൈവമുണ്ടെന്ന് നാം എപ്പോഴും ഓർക്കണം. എന്റെ സകലവിധമായ കഷ്ടങ്ങളിൽ നിന്നും വിടുവിപ്പാൻ അവന്നു മാത്രമേ കഴിയൂ. അതിനാൽ പ്രതിസന്ധികളിൽ ഭയപ്പെടുകയല്ല വേണ്ടത് മറിച്ച് ദൈവത്തിൽ ശരണപ്പെട്ട്, ആ ബന്ധത്തിൽ ആഴപ്പെട്ട്, വിശ്വാസത്തിൽ ഉറയ്ക്കണം. അതുകൊണ്ട് പ്രത്യാശ കർത്താവിങ്കൽ വെച്ച് വിശ്വാസത്തോടെ നമുക്കും കാത്തിരിക്കാം. ദാനിയേലിന്റെ സിംഹക്കുഴിയിൽ ഇറങ്ങി വന്ന ദൈവം നമ്മുടെ

ജീവിതത്തിന്റെ പ്രശ്നങ്ങളാകുന്ന ഗുഹകളിലും ഇറങ്ങി വന്ന് വിടുവിപ്പാൻ എന്നും ശക്തനാണ്.

പരാമർശം:
സങ്കീർത്തനെ 46:10

മിണ്ടാതിരുന്നു ഞാൻ ദൈവം എന്ന് അറിഞ്ഞുകൊൾവിൻ. ഞാൻ ജാതികളുടെ ഇടയിൽ ഉന്നതനാകും. ഞാൻ ഭൂമിയിൽ ഉന്നതനാകും.

സിസ്റ്റർ നീനു ബിനു ബേബി ആലപ്പുഴ 084